# "വിസ്മയം"

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

### ചീഫ് എഡിറ്റർ

അഭിജിത് എൻ എം

### എഡിറ്റർ

അപർണ കെ എം

### പത്രാധിപ സമിതി

അതുല്യ ഇ പി

ആതിര വി ആർ

അനഘ പി

വിച്ചു വിനോദ്

### സാങ്കേതിക സഹായം

വിവേകാനന്ദൻ ( ഹെഡ്മാസ്റ്റർ )

റെജി കുമാർ

ജോഷി കുമാരൻ



# ജി ടി എച് എസ് കണ്ണംപടി

ഒരു പൂക്കാലത്തിന്റെ സുന്ദരമായ ഇതളുകൾ

കൊഴിയാൻ കാത്തു നിൽക്കുന്ന നിമിഷത്തിൽ

മനസിലെ മണിച്ചെപ്പിൽ കാത്തു സുക്ഷിക്കാം

ഈ വിസ്മയെ പനിനീർച്ചെടിയെ....

# എഡിറ്റോറിയൽ

ഇതൊരു സ്നേഹക്കൂട്ടായ്മയാണ് വിവര വിനിമയ സാങ്കേതിക
വിദ്യയുടെ കുതിപ്പിനിടയിൽ
സങ്കേതങ്ങൾക്കും ഉപകാരണങ്ങൾക്കും
ഐ ടി വിദ്യാഭ്യാസ പ്രക്രിയയിൽ

വലിയ വഹിക്കുന്നുണ്ട് ഈ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ
വൈദ്ധത്യവും അഭിരുചിയുള്ള
ഒരു തലമുറയെ രുപപെടുത്തി എടുക്കുക എന്ന ലക്ഷ്യത്തിലൂടെ
ആണ് ലിറ്റിൽ കൈറ്റ്സ് എന്ന
കുട്ടികളുടെ ഐ ടി കൂട്ടായ്മ ....


കുട്ടികൾ

# മാതൃ വിലാപം

മതിയെൻ്റെ മക്കളെ നിങ്ങളീയമ്മതൻ
മടിയിൽ തളർന്നുറക്കമാണോ
ഉണരുവിനമ്മക്കു കൺനിറയെ കാണുവാൻ
ഉണരുവിൻ എന്നോമൽ പൈതങ്ങളെ ...
ഒരു കൊച്ചു പീലിയായോർമിച്ചു വയ്ക്കുവാ
നെത്രയോ സുന്ദര കാഴ്ചയുണ്ട്
ഒന്നുമറിയാതെ മടിയിൽ മയങ്ങുന്ന
പൈതങ്ങളെ നിങ്ങളൊന്നുണരു...
മതിയെൻ്റെ മക്കളെ നിങ്ങളിയമ്മതൻ
മടിയിൽ മയങ്ങി ഉറക്കമാണോ
അവസാനമായമ്മക്കൊരു നോക്കു കാണുവാൻ
ഉണരുവിൻനെന്നോമൽ പൈതങ്ങളെ .......


സബിൻ സജി



# മഴ

മഴയുടെ കൊഞ്ചൽ കേട്ടുണർന്നു ഞാൻ
അവളുടെ കൊഞ്ചലിൽ ലയിച്ചു ചേർന്നു
അവളോട് ചേരുമ്പോൾ കേൾക്കുന്നു
അവളുടെ സ്വരഭാഷാഭംഗി
എന്തോ പറഞ്ഞതാവാം
തന്നതാവാം ,
ഒരു സന്ദേശം ഇതൊരു ഗാനാലാപനമോ...
നിൻ നടനമെത്ര മനോഹരം
നിൻ ഗാനത്തിൽ സ്വരമെഞ്ഞുഭംഗി
മനസ്സലിയിക്കുന്നു നിൻ ഗാനാലാപനം
നീ ശോഭിക്കുന്നൊരു താരം പോലെ
നീയൊരു സ്വപ്ന സാഫല്യമോ.........

അപർണ കെ. പി



# എന്റെ ഗാന്ധിജി

ഞാൻ ജനിക്കുന്നതിൻ മുന്നെനിക്കായി
ജീവിതം ഹോമിച്ച സൽപിതാവേ
നിന്നുടെ ജീവിതം മാതൃകയാക്കുവാൻ
ഒരാഗ്രഹം എന്നുള്ളിൽ തളിർത്തിടുന്നു
നിന്നുടെ വലിയൊരു വ്യക്തിപ്രഭാവം നിൻ
ശുദ്ധമാം ശിരസിൽ ഞാൻ കണ്ടിടുന്നു
നൈർമല്യം തന്നുടെ മുദ്രയായ് നിന്നുടെ
കണ്ണട ഞാനിന്നു കണ്ടിടുന്നു
ഇന്നുള്ള എന്നുടെ സൗഭാഗ്യം നേടുവാൻ
അന്നു കൈക്കൊണ്ട പീഡകളെ
തെല്ലൊന്നു ചിന്തിച്ചു ഇന്നുള്ള ജീവിതം
പുണ്യമായി തീരുവാൻ ഇടയാകട്ടെ .......,


ശിവകുമാർ സി. എം




# ഭ്രമി പറയുന്നത്

എവിടെയെൻ കിളികൾക്കു
ചേക്കേറാൻ ഒരു ചില്ല.?
ഉണ്ണികൾക്കു നുകരാനൊരു മധുരക്കനി
എൻ തുമ്പി കിടാങ്ങൾക്കു
കാളിയൂഞ്ഞാലിടാനൊരു
തുമ്പക്കുടവുമിന്നെവിടേ..?
എവിടെയെൻ വയലേലകൾ
വിത്തും കൈക്കോട്ടും പാട്ടും
ഞാറ്റുവേല കിളികൾ
ഒരു കൊയ്ത്തുപാട്ടിനീണം....
ഞാനൊന്നു മയങ്ങട്ടെ
മെല്ലെയെൻ സ്വപ്നങ്ങൾക്കു
ചിറകുകൾ മുളയ്ക്കട്ടെ
ഉയരട്ടെ അതിലൊരു മനോജ്ഞമാം
നവയുഗത്തിന്റെ പ്രഭാതശംഖൊലി....

അമൽ കെ.പി



# ഉമ്മ

അമ്മക്കൊരുമ്മ തന്നീടാം
എന്റ്ച്ഛനമുമ്മ തന്നീടാം
മുത്തശിക്കമ്മ ഞാനേകാം
മുത്തച്ഛനും തന്നുകൊള്ളാം
തന്നിടേണം തിരിച്ചെല്ലാം
തന്നപാടേ നിങ്ങളെല്ലാം
തന്ന കടം മറന്നെന്നാൽ
പിന്നെ തരില്ല ഞാനുമ്മ
സ്നേഹത്തിനുമ്മയല്ലാതെ
സമ്മാനം വേറില്ലാത്തന്നെ
ദാഹിക്കുമ്പോൾ വെള്ളംപോലെ
സ്നേഹിക്കുമ്പോൾഉഉവേണ്ട
നീട്ടുക പൊൻകാവിലെല്ലാം
വീട്ടിലുള്ള ആളുകൾ എല്ലാം
നീട്ടി ഞാൻ തന്നിടാമ്മുമ്മ
കുട്ടിനൊരു കടി ചുമ്മാ


നന്ദി
പൂവസന്തത്തിൽ ഒരു പൂവിതളായ്
സൂക്ഷിക്കുന്ന ഒരുപിടി
ഓർമകൾക്ക് ഒരായിരം നന്ദി..............